# വിശ്വാസ് ഒൻപതാം വാർഷികം ഇന്ന്

പാലക്കാട്: കുറ്റകൃത്യങ്ങൾക്കും, അധികാര ദുർവിനിയോഗ ത്തിനും,അവകാശ നിഷേധൗ നത്തിനും ഇരകളാവുന്ന വർക്കു വേണ്ടിയുള്ള സംഘടനയായ വിശ്വാസിന്റെ ഒൻപതാം വാർഷികത്തിന്റെ ഭാഗമായി ഇന്ന് വിവിധ പരിപാടികൾ നടത്തും. വൈകിട്ട് നാല് മണിക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് പാലക്കാട് സബ് കളക്ടർ ഡോ. ബൽപ്രീത് സിംഗിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വെച്ച് ഒൻപതാം വാർഷികം പാലക്കാട് പ്രിൻസിപ്പൽ ജില്ലാ ജഡ്ജി ഡോ. ബി. കലാം പാഷ ഉദ്ഘാടനം ചെയ്യും. വിശ്വാസ് വി എൻ. രാജൻ വിക്ടിമോളജി ലൈബ്രറി സമർപ്പണവും , ജില്ലയിലെ മികച്ച നിയമ വിദ്യാർഥികൾക്കുള്ള ഡോ. മാധവമേനോൻ പുരസ്കാരങ്ങളും , വേലായുധൻ നമ്പ്യാർ അനുസ്മരണ ഇന്റർ ലോ കോളേജ് സംവാദമ ത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാരങ്ങളും തദവസരത്തിൽ വിതരണം ചെയ്യും. ശിശു ക്ഷേമ സമിതി ചെയർമാൻ ജെരാൾഡ്, വിക്ടോറിയ കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. പി. മുരളി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കെ. ഷീബ എന്നിവർ പങ്കെടുക്കും